# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3534** **20.10.2016 ൽ മറുപടിക്ക്**

## ക്വാർട്ടേഴ്സിന് ക്ലാസ് ഫോർ ജീവനക്കാർക്ക് സംവരണം

| ചോദ്യം<br>ശ്രീ.മോൻസ് ജോസഫ് | | ഉത്തരം<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | സംസ്ഥാനത്തെ താഴ്ന്ന വരുമാനക്കാരായ ക്ലാസ് ഫോർ ജീവനക്കാർക്ക് ഗവ:ക്വാർട്ടേഴ്സ് അനുവദിക്കുന്നതിൽ പ്രത്യേക സംവരണം ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) പ്രത്യേക സംവരണം ഏർപ്പെടുത്തി-യിട്ടില്ല. |
| (ബി) | റിട്ടയർമെന്റ് കാലം വരെ സർക്കാർ സേവനം ചെയ്യുന്നവരും മറ്റ് ജില്ലകളിൽ നിന്ന് ഉൾപ്പെടെ ദൂരസ്ഥലങ്ങളിൽ നിന്ന് ജോലിക്കെത്തുന്നവരും ദീർഘ കാലമായി ക്വാർട്ടേഴ്സുകൾക്ക് അപേക്ഷ നൽകി കാത്തിരിക്കുന്നവരുമായ സർക്കാർ ഉദ്യോഗസ്ഥരുടെ പൊതു ക്വാട്ടയിൽ നിന്നും 125 ക്വാർട്ടറുകൾ കൂടി മന്ത്രിമാരുടെ സ്റ്റാഫംഗങ്ങൾക്കായി പ്രത്യേക സംവരണം ചെയ്ത് ഉത്തരവിറക്കിയിട്ടുണ്ടോ; | (ബി) & (സി) 07.09.2016 ലെ സ.ഉ.(കൈ)നം.65/ 2016/പൊ.മ.വ. പ്രകാരം Amendment to Rules for Allotment and Occupation of Government Servant's Quarters in Kerala, 2006 ലെ റൂൾ 3(2)(i)ആയി പേഴ്സണൽ സ്റ്റാഫുകൾക്ക് സംവരണം ചെയ്തിരുന്ന ക്വാർട്ടേഴ്സുക-ളുടെ എണ്ണം 75 ൽ നിന്നും 200 ആയി ഭേദഗതി വരുത്തി ഉത്തരവായിട്ടുണ്ട്. Rules for Allotment and Occupation of Government Servant's Quarters in Kerala, 2006 റൂൾ 10 പ്രകാരം 75 ക്വാർട്ടേഴ്സുകൾ പേഴ്സണൽ സ്റ്റാഫിന് സംവരണം ചെയ്തിരുന്നെങ്കിലും, ആവശ്യത്തിന് ക്വാർട്ടേഴ്സ് ലഭിക്കാത്ത സാഹചര്യത്തിലാണ് റൂൾ ഭേദഗതി ചെയ്തത്. |
| (സി) | എങ്കിൽ അതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കുമോ; | |
| (ഡി) | കൃത്യമായി നിഷ്കർഷിക്കപ്പെട്ട യോഗ്യതയുടെ അടിസ്ഥാനത്തിൽ മത്സരപരീക്ഷയിലൂടെ സർവ്വീസിലെത്തി ദൂർസ്ഥലങ്ങളിൽ നിന്നു വന്ന് സർക്കാർ സേവനം നടത്തുന്ന ജീവനക്കാരിൽ നിന്നും | (ഡി) മന്ത്രിമാരുടെ ഓഫീസുകളിലെ സുഗമമായ പ്രവർത്തനത്തിനും ദൈനംദിന പ്രവർത്തികൾക്കും പേഴ്സണൽ സ്റ്റാഫുകളുടെ സേവനം അത്യന്താപേക്ഷി-തമാണ്. പേഴ്സണൽ സ്റ്റാഫുകളുടെ ജോലിയുടെ സ്വഭാവവും സമയഘടനയും |

വ്യത്യസ്തമായി ക്വാർട്ടറുകൾ ലഭ്യമാക്കുന്നതിൽ മന്ത്രിമാരുടെ സ്റ്റാഫംഗങ്ങൾക്ക് ഏതെങ്കിലും പ്രത്യേക അവകാശമോ പ്രത്യേകമായ അർഹതയോ ഉണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഇ) ദൂരസ്ഥലങ്ങളിൽ നിന്നും മറ്റ് ജില്ലകളിൽ നിന്നും ജോലിക്കെത്തുന്ന താഴ്ന്ന വരുമാനക്കാരായ ക്ലാസ് ഫോർ ജീവനക്കാരുൾപ്പെടെയുള്ളവരുടെ ജനറൽ ക്വാട്ടയിൽ നിന്നും മന്ത്രിമാരുടെ സ്റ്റാഫംഗങ്ങൾക്ക് ക്വാർട്ടർ അനുവദിക്കാൻ 125 ക്വാർട്ടറുകൾ കൂടുതലായി പ്രത്യേകം മാറ്റി വച്ച് സംവരണം ചെയ്തത് വിവേചനപരവും ഭരണഘടന അനുച്ഛേദം പതിനാലിന്റെ ലംഘനവുമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

കണക്കിലെടുത്താണ് ടി വിഭാഗത്തിന് സംവരണം ഏർപ്പെടുത്തിയത്. ഇവർക്ക് & പ്രത്യേകമായ അവകാശമോ, അർഹതയോ നൽകുന്നില്ല. അന്യ ജില്ലക്കാരായ പേഴ്സണൽ സ്റ്റാഫുകൾക്ക് ക്വാർട്ടേഴ്സ് ലഭിക്കാതെ വന്ന സാഹചര്യത്തിലാണ് 125 ക്വാർട്ടേഴ്സുകൾ

(ഇ) കൂടുതലായി നൽകി ഉത്തരവായത്. കൂടാതെ, പേഴ്സണൽ സ്റ്റാഫിൽ സർക്കാർ ജീവനക്കാരും ഉൾപ്പെട്ടിരിക്കുന്നതിനാൽ 07.09.2016 ലെ സ.ഉ.(കൈ)നം.65/ 2016/പൊ.മ.വ. പ്രകാരം ക്വാർട്ടേഴ്സുകളുടെ എണ്ണം 75 ൽ നിന്നും 200 ആയി ഭേദഗതി ചെയ്തത് ഭരണഘടന അനുച്ഛേദം 14 ന്റെ ലംഘനമാകുന്നില്ല.

(signature)

**സെക്ഷൻ ഓഫീസർ**